TAKING OUT OF PROCESSION IN KARKADAGAM 1121 IN VIOLATION OF GOVERNMENT'S PROHIBITORY ORDERS

236. മിസ്റ്റർ പി. നാരായണമേനോൻ :

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) ക കക്കടകത്തിൽ മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിൽ, എറണാകുളത്തു്, അന്നത്തെ നിരോധനാജ്ഞയെ ലംഘിച്ചു്, വല്ല ഘോഷയാത്രകളും നടന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അന്ന ഗവർമ്മെണ്ട അവയെ സംബന്ധിച്ചു് എടുത്ത നടപടികൾ എന്തെല്ലാം?

റാവു സാഹിബു് എ. മാധവപ്രട്ട :

(എ) ഉവ്വു്.

(ബി) അതു് ഏറ്റവും സാങ്കേതികമായ അർത്ഥത്തിൽമാത്രം ഒരു കുറ്റമാണെന്ന തെളിഞ്ഞതിനാൽ ഒരു നടപടിയും എടുത്തില്ല.

TRANSFER OF TEACHERS—DETAILS REGARDING

237. മിസ്റ്റർ കെ. ഐ. വേലായുധൻ :

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവർമ്മെണ്ട സദയം മറുപടി പറയുമോ.—

(എ) ഏതേതു സ്ഥലിലേക്കാണു് ട്രാൻസ്ഫർ വേണ്ടതെന്ന ആവശ്യപ്പെട്ടു് ടീച്ചേഴ്സിന്ന മെമ്മൊ ഗവൺമെണ്ടിൽനിന്നും അയക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ടീച്ചേഴ്സിന്റെ ആവശ്യപ്രകാരം സ്കൂൾ തുറന്നതിന്നശേഷം എത്ര ട്രാൻസ്ഫർ ഉണ്ടായിട്ടുണ്ടു് ;

(സി) സക്കുലർ നമ്പർ 9/22, dated 11th December 1946 പ്രകാരം ട്രാൻസ്ഫർ ചെയ്യുതിന്നശേഷം സ്കൂൾ തുറക്കുന്നതിന്ന മുമ്പുതന്നെ ആ രീതിനെ അതിലംഘിച്ചു ഏതെങ്കിലും സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) ഈ സക്കുലർ പ്രകാരം ഏതു തിയ്യതിവരെയാണു് ട്രാൻസ്ഫർ അനുവദിക്കപ്പെട്ടിട്ടുള്ളതു് ;

(ഇ) ഇതിന്ന വിപരീതമായി ടി തിയ്യതിക്കുശേഷം ഏതെങ്കിലും മാറ്റങ്ങൾ ഡിപ്പാർട്ടുമെണ്ടിൽ ഉണ്ടായിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന്നുള്ള കാരണം ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഡിപ്പാർട്ടുമെണ്ടിൽനിന്നും അയച്ചിട്ടുണ്ടു്.

(ബി) ൨ ടീച്ചേഴ്സിനെ പരസ്പരം മാറ്റിയിട്ടുള്ളു.

(സി) ഇല്ല.

(ഡി) മാറ്റങ്ങൾ സ്കൂൾ തുറക്കുന്നതിന്ന മുമ്പു് കഴിയേണ്ടതാണു്.

(ഇ) ഒർല്ലഭം മാറ്റങ്ങൾ വേണ്ടതായി വന്നിട്ടുണ്ടു്.

(എഫ്) ടീച്ചേഴ്സ് ആവശ്യപ്പെടുകയാലും ആ ട്രാൻസ്ഫർകൊണ്ടു് സർവ്വീസ് താല്പര്യങ്ങൾക്ക ദോഷം വരികയില്ല എന്ന കാണുകയാലും.

മിസ്റ്റർ കെ. ഐ. വേലായുധൻ : ചില ടീച്ചേഴ്സിന്ന ട്രാൻസ്ഫർ കൊടുക്കുമ്പോൾ അതു മറ്റു ചില ടീച്ചേഴ്സിന്ന ഉപദ്രവമുണ്ടാകാത്ത നിലയിൽ ട്രാൻസ്ഫറിനുള്ള പ്രൊപ്പോസൽ അയക്കുവാനുള്ള ഏർപ്പാടുചെയ്യാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : സാധാരണ നിയമം സ്കൂൾവർഷത്തിന്റെ മദ്ധ്യത്തിൽ ട്രാൻസ്ഫറിന്നുള്ള പ്രൊപ്പോസൽ അയക്കണമെന്നാണു്. അതിനെക്കുറിച്ചു് ഇപ്പോൾ പറയുവാൻ ബുദ്ധിമുട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ : സ്കൂൾ തുറന്നുകഴിഞ്ഞാൽ ട്രാൻസ്ഫർ കൊടുക്കുന്നതിന്ന ഡയറക്ടർക്ക അധികാരമില്ലെ? അതിന്ന ഗവൺമെണ്ടിന്റെ അനുവാദം വേണമെന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡയറക്ടക്ക് അധികാരമുണ്ട്. പക്ഷെ അതു ഗവ മ്മെണ്ടിലേക്ക റിപ്പോർട്ട ചെയ്യണമെന്നാണ് വെച്ചിരിക്കുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: സ്കൂൾ തുറന്ന കഴിഞ്ഞാൽ mutual transfer-ന്ന ആരെ കിലും അപേക്ഷിച്ചാൽ അതു് അനുവദിക്കുന്നതിന്ന ഡയറക്ടക്ക് അധികാരമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടിലേക്ക റിപ്പോർട്ട് ചെയ്തതിനുശേഷം അതനുവദിക്കുവാൻ ഡയറക്ടക്ക് അധികാരമുണ്ട്.

മിസിസ്സ് കെ. എം. ആർ. മേനോൻ: നിവൃത്തിയുണ്ടെങ്കിൽ അതാതു പ്രദേശത്തുള്ള ആളുകൾക്ക അതാതു പ്രദേശത്തുതന്നെ കൊടുക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കഴിയുന്നിടത്തോളം അദ്ധ്യാപികാദ്ധ്യാപകന്മാക്ക അവരവരുടെ സ്ഥലത്തുതന്നെ കൊടുക്കണമെന്നാണ് ഗവമ്മെണ്ടിന്റെ ഉദ്ദേശം. അതു് എല്ലായ്പോഴും സാധിച്ചു എന്നു വരുകയില്ല.

PORINGALKUTHU SURVEY CLEARANCE

238. മിസ്റ്റർ എം. കെ. യശ്ശീസ്സ് :

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ട ദയവായി മറുപടി പറയുമോ.—

(എ) പെരിങ്ങൽകുത്തിൽ സർവ്വെ ക്ലിയറൻസ് ഗവമ്മെണ്ട നേരിട്ടാണോ നടത്തിയിരുന്നതു്;

(ബി) ഇടക്ക് അതു കരാറ് (contract) കൊടുക്കുകയുണ്ടായോ;

(സി) കരാറ കൊടുത്തു എങ്കിൽ ടെണ്ടർ (tender) ആവശ്യപ്പെട്ടുകയുണ്ടായോ;

(ഡി) ടെണ്ടർ ആവശ്യപ്പെട്ട എങ്കിൽ ആരെല്ലാമാണ് ടെണ്ടർ തന്നതു്;

(ഇ) ആക്കാണ് കരാറ കൊടുത്തതു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ :

(എ) അതെ.

(ബി) ഇല്ല.

(സി), (ഡ) & (ഇ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഗവമ്മെണ്ട് നേരിട്ട കൂലിക്കാരെ ഏർപ്പെടുത്തിയാണോ ഇതു് ചെയ്യിക്കുന്നതു്.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഇപ്പോൾ എത്ര പണം ആ പണിക്ക ചിലവായിട്ടുണ്ടു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: പണി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: എത്ര മൈൽസ് ഈ ക്ലിയറൻസ് നടത്തിട്ടുണ്ടു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ൧,൫ ൦,൦൦൦ കെ. യുടെ വക്ക് അവിടെ നടന്നിട്ടുണ്ടു്.

Mr. K. Balakrishna Menon (*Cheruthuruthi*): May I know, Sir, who is in charge of the work on the spot.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇവിടെ പേഴ്സനൽ അസിസ്റ്റൻറാണ്. അദ്ദേഹം അവിടെയും പോകും.

മിസ്റ്റർ പി. കെ. ഡീവർ: അവിടെതന്നെ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയരില്ലെ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അവിടെ ഒരാളുണ്ട്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അദ്ദേഹത്തിന്റെ മേൽനോട്ടത്തിൻകീഴിലാണോ ഈ ജോലികളൊക്കെ നടക്കുന്നതു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഒരു പേഴ്സനൽ അസിസ്റ്റൻറ് ഉണ്ടെന്നു പറഞ്ഞു. പേഴ്സനൽ അസിസ്റ്റൻറായി ഒരു അസിസ്റ്റൻറ് എഞ്ചിനിയരൊ, എക്സിക്യൂട്ടീവ് എഞ്ചിനീയരൊ ഉണ്ടെന്നാണൊ ഞങ്ങൾ ധരിക്കേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly